പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :5724 24-05-2017-ൽ മറുപടിയ്ക്ക്

## ജില്ലാതല ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) ജില്ലാതല ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ പ്രവർത്തനം വിലയിരുത്തി യിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) ഉണ്ട്. ജില്ലാതല ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ നിന്നും എല്ലാ മാസവും പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) കേസ് ഫയലുകൾ കൂടുതലുള്ള ജില്ലകളിൽ ക്യാമ്പ് സിറ്റിംഗ് നടത്തുകയും അദാലത്തുകൾ നടത്തി കേസുകൾ പെട്ടെന്ന് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (സി) കാസർഗോഡ് ജില്ലയിലെ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന്റെ പ്രവർത്തനം സംബന്ധിച്ച് പരാതി ലഭിച്ചി ട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) കാസർഗോഡ് ഫോറം പ്രസിഡന്റിനെതിരെ കാസർഗോഡ് ബാർ അസോസിയേഷന്റെയും, കാസർഗോഡ് ഫോറം മെമ്പർ ശ്രീമതി. ഷീബ.എം. സാമുവലിന്റെയും പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (ഡി) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് കാസർഗോഡ് ജില്ലാ ഫോറം പ്രസിഡന്റിനോട് വിശദീകരണം ആരായുകയും പരാതിയിൽ കഴമ്പില്ലെന്ന് കണ്ട് തുടർ നടപടികൾ വേണ്ട എന്ന് തീരുമാനിക്കുകയും ചെയ്തതയായി ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ നിന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ തലത്തിൽ ഇതു സംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ച് ഇതുമായി ബന്ധപ്പെട്ട് കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട്, 1986, കേരള കൺസ്യൂമർ പ്രൊട്ടക്ഷൻ റൂൾ 2005 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനന്തര നടപടി സ്വീകരിക്കുന്നതിനാവശ്യമായ നിയമോപദേശം നൽകാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യ പ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ